KOTTAYAM • KOTTAYAM

# കവിതാ മുകുളങ്ങൾ

വിതരണം

എം. എസ്. ബുക്കഡിപ്പോ, കൊല്ലം.

# കവിതാമുകുളങ്ങൾ

ഒന്നാംഭാഗം

~~38395~~

1634

KOTTAYAM PUBLIC LIBRARY • KOT-AYAM. • KOTTAYAM •

എൻ. ശിവരാജൻ,

പുനലൂർ.

1 ക.

Malayalam

**KAVITHA MUKULANGAL**

POEMS

by N. Sivarajan, Punalur

Ist Impression 1964 June

Copy Right N. Sarasamma

Published by the Author

PRICE RE. 1

Distributors M. S. Book Depot, Quilon

Printed at the Oriental Printing &
Publishing House, PUNALUR

സമർപ്പണം.

എന്റെ പ്രിയപിതാവിന്റെ

പാവനസ്മരണയ്ക്കു്.

# ആമുഖമായി.

കാവ്യാത്മകമായ പരിവേഷമണിഞ്ഞു് എന്റെ വിനോദചിന്തകൾ 'കവിതാമുകുളങ്ങളി'ലൂടെ പ്രതിഫലിക്കുകയാണു്. ഇതു് "ആലോചനാമൃതമോ; ആപാതമധുരമോ" ആണെന്നു പറയുവാനുള്ള ഔദ്ധത്യം എനിക്കില്ല. സാഹിത്യസൗരഭ്യം ആസ്വദിക്കുന്ന സഹൃദയരാണു് അതു തീരുമാനിക്കേണ്ടതു്. സാഹിത്യധർമ്മങ്ങളുടെ ഒരു ശതാംശമെങ്കിലും ഈ കലികകളിൽ കാണുമെന്നുള്ളതാണു് എന്റെ പ്രതീക്ഷ. അതു സഫലമാകുമെങ്കിൽ!.........

നമ്മുടെ സാഹിത്യവേദി ഇന്നു സർവ്വഥാ സമാകർഷകമാണു്, മലയാഴികളുടെ മദ്ധ്യത്തു് നൂററാണ്ടുകൾക്കു മുമ്പു് നാണംകുണുങ്ങിനിന്ന കൈരളിപ്പെണ്ണു് മെല്ലെ മെല്ലെ വളർന്നു് ഇന്നു വിശ്വവിശ്രുതിയാർജ്ജിച്ച ലാവണ്യവതിയായി മാറിയിരിക്കുന്നു. കലാദേവതയുടെ കവനമധുരമായ കാൽച്ചിലമ്പൊലി സഹൃദയലക്ഷങ്ങളിൽ പുളകപ്പുതപ്പു സമ്മാനിച്ചുകൊണ്ടു് പുതിയ രൂപത്തിലും ഭാവത്തിലും പ്രതിദ്ധ്വനിക്കുന്നു. ഇത്തരമൊരു പരിതഃസ്ഥിതിയിലാണു് കുറച്ചു പൂമൊട്ടുകളുമായി

ഞാൻ രംഗത്തേയ്ക്കു വരുന്നതു്. മധുവും മണവും കുറയു മെങ്കിൽ കവിതാ'മുകുള'ങ്ങളാണെന്നു സമാധാനിക്കാം.

ഈ ഗ്രന്ഥത്തിനു് ഒരു "അവതാരിക" എഴുതി തന്നു് എന്നെ പ്രോത്സാഹിപ്പിച്ച ശ്രീ. പ്രൊഫസർ ചന്ദ്രശേഖരൻ എം. എ. യോടും, "ആശംസ"കൊണ്ടു് അനുഗ്രഹിച്ച എൻെറ മാന്യസുഹൃത്തു് എഴുകോൺ ശിവശങ്കരൻ അവർകളോടും എനിക്കു് അവാച്യമായ കടപ്പാടുണ്ടു്.

തികച്ചും വെടിപ്പായി ഉത്തരവാദിത്വത്തോടുകൂടി ഇതിൻെറ അച്ചടി കൃത്യസമയത്തുതന്നെ നിർവ്വഹിച്ചു തന്ന ശ്രീ. പി. ജെ. പാൠ അവകളുടെ സേവനത്തിനു് നന്ദി പ്രകടിപ്പിച്ചുകൊണ്ടു് ഈ കുറിപ്പു് അവസാനി പ്പിക്കുന്നു.

എൻ. ശിവരാജൻ,
പുനലൂർ.

# അവതാരിക.

സുഹൃത്തേ,

"കവിതാമുകുളങ്ങളി"ലെ ആദ്യഭാഗം ഞാൻ വായിച്ചു. അവധാനപൂർവ്വം നിരൂപകദൃഷ്ടിയോടെ ശ്രദ്ധിക്കാൻ കഴിഞ്ഞില്ലെങ്കിലും എനിക്കു മുഖവിലയ്ക്കു തന്നെ തോന്നിയ ചില കാര്യങ്ങൾ ഇവിടെ കുറിക്കുകയാണ്.

"കവി ജാതനാണ്; നിർമ്മിതനല്ല" എന്ന തത്വത്തോട് പൂർണ്ണമായും യോജിപ്പാണ് എനിക്കുള്ളത്. ആരു് എന്തൊക്കെ മറിച്ചുപറഞ്ഞാലും ആ സത്യത്തെ നിഷേധിക്കാൻ കഴിയുന്നതല്ലെന്നും ഞാൻ വിശ്വസിക്കുന്നുണ്ട്. കവിത്വത്തിന്റെ അടിസ്ഥാനശക്തിയായ "ശക്തി" — വാസന — നിങ്ങൾക്കുണ്ടെന്നു് യാതൊരു മുഖസ്തുതിയും കൂടാതെ എനിക്കു സമ്മതിപ്പാൻ കഴിയും.

ഈ സമാഹാരത്തിൽ ചേർത്തിട്ടുള്ള കവിതകൾക്ക് ഭാവത്തിലും രൂപത്തിലും വേണ്ടത്ര വൈവിദ്ധ്യം ഉണ്ടെന്നുള്ളതാണ് എനിക്ക് എടുത്തുപറയാൻ തോന്നുന്ന മറെറാരുകാര്യം. ഇതിലെ പല കവിതകളും റൊമാന്റി

ക്കാണ്. മലയാള സാഹിത്യത്തിൽ അനുകരണത്തിൻേറയും ഗതാനുഗതികത്വത്തിൻേറയും നീർക്കുഴിയിൽ വീണു മുങ്ങി ശ്വാസംമുട്ടിക്കഴിയുന്ന റൊമാന്റിസിസത്തെ ഒന്ന് ഉദ്ധരിക്കുവാനുള്ള ശ്രമമാണ് നിങ്ങൾ ഈ കവിതകളിലൂടെ നടത്തിയിട്ടുള്ളത്.

ഒരു കൊച്ചു നയ്മ്പും കൈയിലെടുത്ത് ഒരു ഓടിവള്ളത്തിൽക്കയറി ഓമനപ്പാട്ടുംപാടി നിങ്ങൾ ഉല്ലാസത്തോടെ അതിവേഗം തുഴഞ്ഞുപോകുന്ന കാഴ്ച എനിക്കു ഹൃദയഹാരിയായി തോന്നുന്നു. ഒരു റൊമാന്റിക്ക് കവിക്ക് അവശ്യം ഉണ്ടായിരിക്കേണ്ട റൊമാന്റിക്ക് പ്രകൃതിയും നിങ്ങളിൽ വികസ്വരമായിക്കാണുമാൻ കഴിയുന്നുണ്ട്. മലയാളസാഹിത്യത്തിൻെറ മലർവാടിയിൽ ഇതുപോലെ നിരവധി കവിതാമുകുളങ്ങൾ വിരിയിച്ച് മണവും മാധുര്യവും പകത്താൻ നിങ്ങൾക്കു തീർച്ചയായും കഴിയും. കരളിടറാതെ, അടിപതറാതെ മുന്നോട്ടു പോവുക. വിജയം നിശ്ചയം.

സ്നേഹപൂർവ്വം,

പ്രൊഫസ്സർ ചന്ദ്രശേഖരൻ എം. എ.

29-9-1963.

# ആശംസ.

ഈ തലക്കെട്ടുതന്നെ, തലവേദനയുണ്ടാക്കും, ചിലർക്ക്, അല്ല, പലർക്കും. അങ്ങപ്പുറത്ത് 'അവതാരിക'യില്ലേ? ഉണ്ട്. അതിൻെറ 'വാല'ല്ലേ ആശംസ! അതേ! പിന്നെന്തിന് വീണ്ടുമൊരാശംസ?

ഓ, പേരച്ചടിച്ചു കാണാൻ മോഹിക്കുന്ന ഏതോ പഹയൻ!— —എഴുതിക്കൊള്ളട്ടെ; അല്ല, എഴുതിത്തുള്ളട്ടെ! "എഴുത്തറിഞ്ഞുകൂടാത്തവരല്ലേ ഇവിടുത്തെ വലിയ സാഹിത്യകാരന്മാർ" ! തീർച്ചയുണ്ടോ? ഉണ്ട്. എഴുതരുത്. പുച്ഛപുറത്താകും! പിന്നെന്തുവഴി! പ്രസംഗിക്ക! ഒച്ച, കാററിലൊഴുകി മറയും! പേരുണ്ടല്ലോ, അതു പത്രത്താളുകളിൽ മഷിപുരണ്ടുവരും! പോരേ, ഗംഭീരസാഹിത്യപാരാവാരമാകും........

ഒന്നുണ്ട്, കവിയോടു് നേരിട്ടു ചോദിക്കാൻ! "താങ്കൾ എന്തിനീ കവിതകളെഴുതി"? കയ്പൻ കവിതക്കു ജീ! തണുപ്പന് വൈലോപ്പിള്ളി! എരിവിന് വയലാർ! അലിവിന് ബാലാമണി! ഇനിപ്പിന് ഓ. എൻ. വി.! തെറിപ്പിന് തിരുനല്ലൂർ! നനുനനുപ്പിന് പി. ഭാസ്കരൻ! വഴവഴപ്പിന് ഭക്തകവി! ചെടിപ്പിന് വെണ്ണിക്കുളം! പരപ്പിന് എൻ. വി.! ഒളപ്പിന് ഒളപ്പമണ്ണ! ഒലിപ്പിന് പാലാമാർ........... അങ്ങനെ എത്രയോ കവികളുണ്ടു്.

"കാക്കത്തൊള്ളായിര"മില്ലേ? പിന്നെക്ഷണംകവികൾ! പിന്നെന്തിനൊരു പുത്തൻകവി!......

ഓ, നിങ്ങൾ അനുഗൃഹീതനാണ്. അദ്ധ്യാപകൻ; അതും ഹൈസ്കൂളിൽ! പഠിപ്പിക്കുന്നത് മാതൃഭാഷ! നിങ്ങൾ എഴുതിയില്ലെങ്കിലേ അത്ഭുതമുള്ളൂ. അനുഭൂതി, അനുഭവം, അനുഭാവം, പരാഭവം ഇവയുടെയൊക്കെ ആകെത്തുക അദ്ധ്യാപകനാകുമോ ! ഒരു ഗ്രാമത്തിൽ (കടയ്ക്കോട്ട്) ജനിക്കുക. ഒരു വയലോരത്ത് (അയ്ക്കര ക്കോണം, വട്ടപ്പട) വളരുക! ഒരു സംഘടനയുടെ നേതൃത്വം (പത്തനാപുരം താലൂക്ക് S. N. D. P. യൂണിയൻ സെക്രട്ടറി) ഉണ്ടായിരിക്കുക ഇതിലോരോന്നും "അപായ കര"മാണ്. ഗ്രാമവും മലയോരവും നിങ്ങളെ റൊമാന്റി ക്കാക്കി (അവതാരികാകാരൻ!) സംഘടനാനേതൃത്വം നിങ്ങളെ ചിന്തിരിപ്പനാക്കി(വല്ല നിരൂപകനുംപറയും!) എന്നാലും അദ്ധ്യാപകവൃത്തി നിങ്ങളെ "ശീതസമരത്തി ന്റെ കവി"യാക്കി. (ഇതെന്റെ അഭിപ്രായമാണ്.) "ഭടന്റെ ഭാര്യ"യിൽ തുടങ്ങി. "കാട്ടുപൂവിന്റെ കര ളിൽനിന്നൊരു കവിത"വരെയാണ് നിങ്ങൾ കണ്ടെത്തി യിരിക്കുന്നത്. ഇതിന് അക്കാഡമി സമ്മാനമോ മറേറാ കിട്ടുമെന്ന് വിചാരിക്കേണ്ട. "വിശ്വദർശനം"പോലെ ഇതിന് ദുർഗ്രഹതയില്ല; അതുകൊണ്ടുതന്നെ!

ഇവയൊക്കെ പത്രമാസികകളിൽ വരാതിരുന്ന തിനുകാരണമുണ്ട്. നിങ്ങൾക്ക് 'സേവ' വശമില്ല. നി ങ്ങൾതന്നെ കള്ളപ്പേരുവച്ച് അഭിപ്രായങ്ങളയച്ചിരു ന്നെങ്കിൽ!....എങ്കിലെന്തു്; വല്ല പ്രസാധകരും നിങ്ങളെ

 1634

എതിരേല്പുമായിരുന്നു. ഏതായാലും പാഠപുസ്തകമാക്കാൻ—? നിങ്ങളെ അതിനും കൊള്ളത്തില്ല! രഹസ്യമായൊന്നു ശ്രമിക്കൂ! പത്രക്കോളങ്ങളിൽ അഭിപ്രായം വരും! അനുകൂലമോ പ്രതികൂലമോ! അതു് പ്രശ്നമല്ല. പരസ്യക്കൂലിയിൽ കൂടുതൽ ചെലവാകാതെ സൂക്ഷിക്കുക. അത്രയുംമതി!

ഈ ഒററപ്പുസ്തകംകൊണ്ടു് നിങ്ങൾ 'വിശ്വസാഹിത്യകാര'നായിപ്പോയാൽ വിഷമിക്കരുതു്. ആരുകേറി വിവർത്തനംചെയ്താലും നിങ്ങളുടെ പേരു പറയുകയില്ല. വല്ലവരും ഇതു വായിക്കുകയോ വല്ല വരിയും ഉരുക്കഴിക്കുകയോ ചെയ്താൽ പേടിക്കരുതു്. 'ഗദ്യകവിത'യല്ലാത്തതുകൊണ്ടാണെന്നു കരുതിയാൽമതി.

സർ, നിങ്ങളിൽ ഒരു നിരൂപകനുണ്ടോ; ഉണ്ടാകണമല്ലോ. കവിയല്ലേ! ഛന്ദസ്സും ശൈലിയുമൊക്കെ ആ നിരൂപകൻ പരിശോധിച്ചിരിക്കണം! നിരൂപകനില്ലാതെ നിങ്ങളിൽ കവിയില്ലെന്നുവരുമോ? എങ്കിൽ നിങ്ങളുടെ 'വിലാപഗീതികൾ' നാളെമുതൽ കേൾക്കാറാകും. നിങ്ങളുടെ വക 'വിശ്വദർശനം'വരെ ഞങ്ങൾക്കാശിക്കാറാകും!

നിങ്ങൾ കവിയായി കാലുറപ്പിച്ചു കടന്നുപോകുന്നതിൽ കുശുമ്പില്ലാതെയില്ല. നിങ്ങൾക്കു് എന്തുണ്ടു മുടക്കുമുതൽ. 28 വർഷം ജീവിച്ചു; പഠിച്ചു; പഠിപ്പിച്ചു. ആരെയൊക്കെയോ സംഘടിപ്പിച്ചു; വിഘടിപ്പിച്ചു! അത്രതന്നെ. പക്ഷേ ഇപ്പോൾ ഈ പുസ്തകം അച്ചടിപ്പി

ക്കുന്നാതെന്തിനെന്നു മനസ്സിലായി! ഓ, ഒരു "പുതിയ എസ്സ്. എൻ. ഡി. പി. കവി!"—ആ പട്ടമുണ്ടല്ലോ—? (അശ്ലീലമായിരിപ്പാകും. പറയുന്നില്ല.)

അല്ല, ഒരു "പുതിയാപ്ല ചമയൽ" കണ്ടില്ലേ? ഓ, ഒരു പുതിയ ജീവിതകഥാനുഗായി! "മുരുക്കാൻ കടയും മാതപ്പടിയും മാത്തുള്ളമാർ" തുടങ്ങി "വെള്ളയാണിപ്പുരമൂമാർ"വരെ കൊള്ളയടിച്ചു തുലച്ച ഈ നാട്ടുണ്ടല്ലോ! ഇവിടെ ഇനി എഴുത്തു നിരോധിക്കുകയാണുഭേദം, അക്ഷരമാലപോലും! ഇതാണെൻെറ ആശ......അല്ല, ആശംസ.

മററൊന്നു്, ഈ പുസ്തകത്തിലെ അച്ചടിത്തെററു തുടങ്ങിയുള്ള സകല കുഴപ്പങ്ങളും തെരുവുനീളെ നാളെ മുതൽ കേൾക്കാം; അദ്ധ്യാപകരിൽനിന്നു്! കാരണം, ഇതൊരദ്ധ്യാപകനല്ലേ, എഴുതിയതു്! ഇതു് നിരോധിക്കണമെന്നു് വല്ല സംഘടനയും പ്രമേയം പാസ്സാക്കിയാലായി—എഴുതിയതു് എസ്സ്. എൻ. ഡി. പി. കവിയായതുകൊണ്ടു്!

ഇതു് നേരത്തേ കണ്ടുകെട്ടണമെന്നാണു് എൻെറ പ്രത്യേകമായ ആശ! അപ്പോൾ മറുനാട്ടുകളിൽ മറുഭാഷകളിൽ ഇതു പ്രചരിക്കുമല്ലോ! പൂച്ച തെളിയുമല്ലോ! (തെളിയാനുള്ളതു്) അപ്പോൾ നമുക്കു് ബാക്കി ആശംസിക്കാം!

നിങ്ങളുടെ,

എഴുകോൺ ശിവശങ്കരൻ.

# ഉള്ളടക്കം.

മുകുളം ഒന്നു്.

ദളങ്ങൾ.


1. മാതൃപൂജ
2. ഭടന്റെ ഭാര്യ
3. യുഗാചാര്യൻ
4. തകർന്ന പളുങ്കുമണികൾ
5. പ്രേമവും പൂജയും


മുകുളം രണ്ടു്.

ദളങ്ങൾ.


1. പൂവും പൂമ്പാററയും
2. വരുമോ തരുമോ മലർമാല്യം
3. ആസേതുഹിമാചലം
4. സഖീസമാഗമം


മുകുളം മൂന്നു്.

ദളങ്ങൾ.


1. നനഞ്ഞമിഴികൾ
2. പൊലിഞ്ഞ കിനാവു്

3. പുത്തൻകാററ്
4. മാബലിക്ക് ഒരു നിവേദനം

## മുകുളം നാല്.

ദളങ്ങൾ.

1. ശകുന്തളയെക്കണ്ടപ്പോൾ
2. മാനസറാണി
3: കിന്നരഗാനം
4. ഒരു ചോദ്യം

## മുകുളം അഞ്ച്.

ദളങ്ങൾ.

1. ഉണരുന്ന ഭാരതം
2. ചിറകററ ചിന്തകൾ
3. തപസ്വിനി (അവലംബം; കുമാരസംഭവം)
4. കാട്ടുപൂവിൻെറ കരളിൽനിന്നൊരു കവിത

# മുകുളം ഒന്നു്.

## മാതൃപൂജ.

### 1

വിജ്ഞാനത്തിൻ പ്രകാശാഞ്ചിതമഹിമയെഴും
വേദവേദാന്തഗീതാ
തത്വത്തിൻ ധർമ്മമാർഗ്ഗസ്മൃതിയിലനുപമ
പ്രാഭവശ്രീചൊരിഞ്ഞും;
വിശ്വത്തിൻ ദർശനങ്ങൾക്കൊരുമകുടമണി-
ഞ്ഞെന്നുമാർഷപ്രഭാവം
വർഷിച്ചദ്വൈതഭാവപ്രഭയിലമരുമെൻ
ഭാരതം വെൽവൂതാക !

# ഭടന്റെ ഭാര്യ.

## 2

കളിരുചൊരിഞ്ഞൊരു മലവാരത്തിൽ
പ്പുളകംപൂണ്ടു പൂങ്കുലകൾ !
മലരുകൾവഴിയും പരിമളമൊഴുകി
മധുമാസത്തിൻ കവിളിണയിൽ !
തളിരൊളിവല്ലികൾ നൃത്തംചെയ്തു
താളലയാന്വിത "മേള"കളിൽ
നറുതേന്മതിരും പൂങ്കുലചിന്തിയ
പനിനീർവീണു കാടുകളിൽ
നവചൈതന്യമിയന്നുപരന്നു
പവനൻ മരതകമേടുകളിൽ
ഇളകുകയായീധരണിയിലെങ്ങും
പുതുമകലർന്നൊരു ലാവണ്യം !
മാദകസ്വപ്നം പുഷ്പിച്ചുന്നൊരു
കോമളനാദ്യനിശീഥിനിയിൽ
ജീവിതയാതന വിസ്മൃതമായ് നവ
ഭാവവിലോലവിഭൂഷിതയാൽ !

*   *   *

കിളികളുണർന്നു; മലരുവിരിഞ്ഞു
പുലരിതെളിഞ്ഞു, പ്രിയനപ്പോൾ
വിടവാങ്ങുകയാണവധികഴിഞ്ഞു
സമരാരവമാണകലത്തിൽ......

കതകിന്നരികിൽ തെല്ലുമറഞ്ഞും
പൂരികക്കോടിയിൽ മഷിമാഞ്ഞും
കവിളിൽ കുങ്കുമകാന്തി കുറഞ്ഞും
തളരും വിമലയെ നോക്കുമ്പോൾ.
അവളുടെ കുവലയനയനം കണ്ണീ-
രണിയുംവദനം, താരുണ്യം
ഇവയാഭടനെ നടുക്കീടുന്നു
ഗതിമുട്ടീട്ടവനുഴറിപ്പോയ്......
"പോവുകയാണെന്നഴകേ, കേഴാ-
തീവിധ, മവധിയ്ക്കുന്നയില്ലേ......?"
ഗദ്ഗദകണ്ഠംവിങ്ങീഹൃദയം
പൊട്ടുകയോ ഹാ; കദനത്താൽ?......

*　　　*　　　*

പുതിയൊരുണർവ്വിൻ കുഞ്ഞലനെയ്താ
'ഹിമഗിരി' ദൂരെത്തെളിയുന്നു
വിരവൊടുവെടിയാൽച്ചുടുനിണമൊഴുകീ
രണനിരരക്തക്കടലായീ......
നീലവിളിയെങ്ങുമുയർന്നീടുന്നു
കൊലവിളി, പോർവിളിപൊങ്ങുന്നു
തകരുന്നെങ്ങും വിഷബോംബേററാ
മലർമേടുകളും താഴ്വരയും.
"വിജയംവരെയും സമരംചെയ്വാ-"
നധികാരികൾനിന്നലറുന്നു
ശവനിരമേലേ മുന്നേറുകയായ്
'ഉഷ'തൻ പ്രിയനും നിർഭയനായ്

അനവധിലക്ഷമടിഞ്ഞുതകർന്നാ—
യുവകോമളനം വെടിയേററു
'ഉഷ'യതറിഞ്ഞു നടുങ്ങിമറിഞ്ഞു
"വിധിയാ"–ണോതീബന്ധുക്കൾ!

ഹൃദയംനൊന്തു പിടഞ്ഞുകുഴഞ്ഞവ
ളുദരം തഴുകിക്കേഴുന്നു......
"നവയൗവനവതി, സതി, നീ ഹതയായ്
മധുമയസ്വപ്നം നിഷ്ഫലമായ്"......

*  *  *

നീലവിഹായസിലമ്പിളിപോലതി
കോമളമായൊരുവെൺമാടം
"ശിശുസംരക്ഷകകേന്ദ്ര"മതിന്നൊരു
പുതുമകലർന്നിട്ടമൃഷിവാടം. !

ആ മണിമുററത്തഴകാർന്നങ്ങനെ
തേന്മലർചൊരിയും ചിരിയൂറി
പൂവൊളിയോലും തളകൾകിലുക്കിയൊ
രോമനബാലൻ കളിയാടി !

പുഞ്ചിരിയൊഴുകും ചെഞ്ചുണ്ടുകളിൽ
തങ്കപ്പൂവുകൾ മിന്നുമ്പോൾ,
കുങ്കുമശോഭം കുഞ്ഞിക്കവിളിൽ
ചിന്തുംമധുരിമകാണുമ്പോൾ,

അഞ്ചിതമാകും മിഴിയിൽ വഴിയും
വെൺകതിർപാലൊളി വിതറുമ്പോൾ,
കാണാം വിമലേ, തവശുഭരൂപം
കവിളിൽ, മിഴിയിൽ, പൂഞ്ചുണ്ടിൽ!......

*  *  *

അണയും ചിലനാളാമണിമുററ-
ത്തതിബീഭത്സതയോടൊരുവൾ
അവളുന്മാദിനിയാണാമിഴിയിൽ
കവിയുന്നാഴലിൻതീനാളം !
ഭയവിഹ്വലരായുടനേ ബാലക
രുഴലും ദ്രുതമവളോടിപ്പോം
മുരളീനിനദംപോലൊരുകുഞ്ഞിൻ
മധുമയനാദമുടൻ കേൾക്കും......

# യുഗാചാര്യൻ.

## 3

"ഒരുജാതി ഒരുമതം
ഒരുദൈവം മനുഷ്യന്"

ധരണിയിൽ ജ്ഞാനൈകദീപം കൊളുത്തിയോ-
രരിയസൗഭാഗ്യം ജഗദ്ഗുരുവെൻഗുരു

*　　　　*　　　　*

പണ്ടു കുരുക്ഷേത്രമൈതാനഭൂവിൽവ-
ച്ചുണ്ടായിബോധോദയം പാണ്ഡുസൂനുവിൽ
ദിവ്യസൂക്താമൃതംതൂകിയ ഗീതയാം
ഭവ്യരത്നാകരം ജ്ഞാനപ്രചോദകം !
പുണ്യയാം "കർമ്മഭൂവിൻെറയാപിഞ്ചുകാൽ"
മന്നിതിൽ ധർമ്മച്ചിലമ്പൊലിതൂകവേ
ഇപ്രപഞ്ചത്തിൻ ഹൃദയകവാടങ്ങ-
ളൊക്കെത്തുറന്നു വെളിച്ചമതിർന്നപോൽ !
മഞ്ഞും, മഴയും, വെയിലും, വസന്തവു
മിങ്ങനെ കാലംകടന്നുകടന്നുപോയ്
എത്രയോവട്ടംനിറഞ്ഞു മരങ്ങളിൽ
പുഷ്പവും, കായും, കനിയും തരങ്ങളിൽ !
പാർവ്വണചന്ദ്രൻ പലനാളുമാരാഗ-
താരകപ്പെൺമണിമാരുമായ് സൈ്വരമായ്
ആരമ്യനീലനഭസ്സിൽ തിളങ്ങിയോ
രായിരമായിരംനാളുകൾ മാഞ്ഞുപോയ്

അന്ധതതിങ്ങിപ്പടർന്ന ചിത്തങ്ങളിൽ
ബന്ധനമായടിമത്തപാശങ്ങളിൽ
ബന്ധുരമാം മണിമാളികതീർക്കുവോർ
ബന്ധമില്ലാത്തവരായ്പ്പിന്നെ ജാതിയാൽ
അമ്പലമുണ്ടായി, നീതിപീഠങ്ങളും
തമ്പുരാൻപോലും വെറുത്തുപാവങ്ങളെ
വമ്പെഴും ദുഷ്പ്രഭുത്വത്തിൻെറയത്തിരു-
മുമ്പിൽ വിട്ടുവൃത്തിമാത്രമായ് ജ്ജീവിതം.
വിദ്യാലയങ്ങൾ സവർണ്ണനുമാത്രമായ്
മദ്യപാനാസക്തിയന്തസ്സിൻ പാത്രമായ്
ദുഷ്ടത നൃത്തംതുടർന്നു മഹാമഹ-
മുദ്രസംഘോഷിച്ചു ജാതിഭയാവഹം
മാറിനടക്കണം സാധുക്കളെന്നല്ലാ-
മാറുമറയ്ക്കൽ മഹിളമാർക്കാവില്ല
മാന്യതാമാനദണ്ഡങ്ങളതിങ്ങനെ-
ധന്യമായ്, നീതിയെവാഴ്ത്തുവതെങ്ങനെ ?
സന്മാർഗ്ഗബോധം കടങ്കഥമാത്രമാ-
യിന്നാട്ടുഭ്രാന്താലയത്തിൻ പ്രതീകമായ്
മന്നിതിൽദേവനെപ്പൂജിച്ചു ഹിംസയാൽ
മന്നവന്മാരും പുരോഹിതവർഗ്ഗവും.

* * *

പൊന്നിൻചതയം വിളങ്ങുമോരീമന്നി-
ലുന്നതനന്നുപിറന്നു; നാരായണൻ !
ഇക്കേരളത്തിന്നുരോമാഞ്ചദായകൻ
സൽക്കവീന്ദ്രൻ, യുഗാചാര്യൻ, തപോമയൻ !

അജ്ഞാനനിർഭരചിത്തങ്ങളിൽസ്വയം
വിജ്ഞാനദീപപ്രകാശം ചൊരിയവേ.
അപ്രഭാതോദയം സൗരഭ്യപൂരക-
മപ്രതിഭാപ്രഭാവപ്രവാഹാവഹം!...

ആത്മതപസ്സും, വപുസ്സു, മായുസ്സുമ-
ങ്ങാത്മീയതേജോമയൻ ബലിനൽകവേ,
സാഹിതീവേദി, വേദാന്താദി സംസ്കൃതീ
ഭാസുരാരാദ്ധ്യസ്വർലോകമായ്മേലിനി

കൃഷ്ണനും, ക്രിസ്തുവും, ശങ്കരാചാര്യരും
ബുദ്ധനും, മാഹമ്മദും, ജ്ഞാനസിദ്ധിയാൽ
ഇദ്ധരണീതലസംസ്കാരകേദാര-
മുദ്ധരിച്ചാത്മസംതൃപ്തരായെങ്കിലും

ഭാരതനാടിൻ നവോത്ഥാനരശ്മികൾ
ചാരുതരംമലനാട്ടിൽ ജ്വലിക്കുവാൻ
കാരണഭൂതമാംജ്യോതിർനിലയമേ,
പാരിൻസനാതന ചൈതന്യസാരമേ !

ജാതിമതാന്ധതാബന്ധനമോചകാ
നീതിദയാന്വിതശാന്തിമന്ത്രപ്രഭാ
ഭാസുരാദർശമാത്മീയപ്രബോധകാ
താവകമദ്വൈതസിദ്ധാന്തസൂക്തികൾ

നസ്ഥലസത്യം, സദാനന്ദസുന്ദരം,
നിത്യനിർവ്വാണപ്രദം ജ്ഞാനദായകം
ആകല്പകാലമച്ചൈതന്യസിന്ധുവി-
ലാമജ്ജനം ചെയ്തിടട്ടെയിക്കേവലർ !......

# തകർന്നപളുങ്കുമണികഠം.

## 4

താമരപ്പൊയ്കയെ പ്രേമാർദ്രനായ്നോക്കി
യോമനക്കുട്ടൻ വിചാരമായി
"കാലത്തുപൂത്തുലഞ്ഞാനന്ദമേകുന്ന
പാലയെക്കാളെന്തു സൗകുമാര്യം !
വെള്ളിനിലാവിൽ തിളങ്ങുന്നമഞ്ഞിൻെറ
തുള്ളികളൊന്നിച്ചുവീണതാണോ ?
അമ്പിളിമാമനോടേററു തോററന്തിയിൽ
തമ്പിമാർ താഴോട്ടുപോന്നതാണോ ?
പൂങ്കുയിലക്കരെച്ചക്കരത്തോപ്പിലെ
മാങ്കനി തിന്നാൻ പറന്നിടുന്നു
കുഞ്ഞിക്കിളിക്കെന്തുഭാഗ്യമാണീശ്വരൻ
തന്നിരുന്നെങ്കിൽച്ചിറകെനിക്കും !"......
കണ്ണിന്നുകൗതുകം നൽകുമപ്പൊയ്കപൊ
ന്നുണ്ണിതൻചിത്തം കവർന്നിടുമ്പോഠം
അമ്മിഞ്ഞയേകുവാനമ്മവച്ചമ്മയാ
പൊൻമണിക്കുഞ്ഞിനെ മാറണച്ചു.
കൊഞ്ചുന്നചന്തമായ് "പൂവൊന്നുനൽകിയാൽ
സമ്മാനമായ് നല്ലൊരുമ്മനൽകാം"
"സമ്മാനമിപ്പൊഴേ നൽകുമോ"?...പൂങ്കവിഠം
സാമോദമാഞ്ഞുപോയ് പുൽകുവാനായ് !

പുഞ്ചിരിപ്പൂക്കൾ ചൊരിഞ്ഞമ്മയോടുചേ-
ന്നഞ്ചിതമായി നടന്നുകൊഞ്ചി
താമരത്താരിനാൽശ്രീലമാം പൊയ്കതൻ
തീരത്തിലെത്തുന്നു കെഞ്ചിക്കെഞ്ചി.
"അമ്മയാപൂ'വൊന്നു'പിച്ചിടാ"—"മൊത്തിരി"...
അമ്മയുംമോനും ചിരിച്ചുപോയി!
എന്താത്മനിർവൃതിയെന്തൊരു ശാന്തിയെൻ
ചിന്തേ, ഇതല്ലേഹാ, ജീവബന്ധം!
നീലിച്ചപായലിൽ നീളെത്തിളങ്ങുന്ന
ചേലുററതാമരപ്പൂവിനായി
ലോലമാംകൈക്കുമ്പിൾ നീളുന്നതനപിതൻ
പേലവഗാത്രം തളർന്നുപോയി...
തെല്ലൊന്നുലഞ്ഞുവലിഞ്ഞു കുളത്തിലെ
കല്ലോലമാലയിൽപ്പായലെല്ലാം...
വന്നുപളുങ്കുകുമിളകളഞ്ചാറു
വന്നപോലെല്ലാമുടഞ്ഞുപോയി...
ഇന്നുമാപ്പൊയ്കയിൽ, താമരപ്പൂക്കളിൽ
കണ്ണീരുകാണുന്നിതെന്നുഷസ്സിൽ...?
മഞ്ഞല്ല, പൂങ്കരൾ വിങ്ങിയനൊമ്പരം
വെള്ളാമ്പലല്പം പകർന്നതാവാം!!...

# പ്രേമവും പൂജയും.

## 5

മാനത്തുവിരിഞ്ഞോരോ-

പ്പൂവുകൾ വെള്ളിത്താലം

പാലൊളിപ്പട്ടാലെങ്ങു

മഴകൊന്നിരട്ടിച്ചു !

താമരത്തടാകത്തിൽ

വിടരാൻ തുടിക്കുന്ന

കോരകക്കുളിർകൊങ്ക

തഴുകീമന്ദാനിലൻ !

നീരദപ്പുവിചേലരും

പായലിലാമ്പൽപ്പൂക്കൾ

നീരവംവിരിഞ്ഞല്ലിൽ

ത്തെളിയും തീനാളംപോൽ

അരികത്തണഞ്ഞപ്പോ

ഴപ്സരസ്സുപോലെൻെറ

കരളും കണ്ണും കവ

ന്നകലുന്നമലേ നീ!......

ആനവരാഗോജ്ജ്വല

പേലവാധരമപ്പോൾ

രാഗമന്തിരിചിന്തീ

വിടർന്നു നീലോല്പലം

ആ മഞ്ജുമന്ദാക്ഷത്തിൻ
മാധുരിവഴിഞ്ഞെൻെറ
മാനസം നവോല്ലാസ
ഹർഷമാലികചാർത്തി
ശാശ്വതസ്നേഹത്തിൻെറ
യാമധുനകർന്നീടാ
നീശനോടപേക്ഷിച്ചു
പിരിയാതഴകേ നീ......
മാമകചിത്തത്തിലെ
പ്രേമാർദ്രമണിപീഠം
മാദരാലർപ്പിച്ചപ്പോ-
ളർച്ചനയ്ക്കൊരുങ്ങീ നീ! ...

*　*　*

നിസ്വനാ,ണബലനാ,
ണാശ്രയഹീനൻ തെററു
മററുള്ളോർ പറഞ്ഞപ്പോ
ഴറിഞ്ഞു കരഞ്ഞൂ നീ
ചുററുപാടെങ്ങും കരിം-
കോട്ടകൾ മാമൂലിൻെറ
കെട്ടുകൾ കണ്ടിട്ടേറെ
പ്പേടിച്ചുവിറച്ചൂ നീ
അറിയാതുറപ്പിച്ച
ബാന്ധവം സഹിയാതെ
നിറയും മിഴിയാലെ
ന്നരികിലണഞ്ഞൂ നീ

കണ്ണുനീരിനാലെൻെറ
മാറിന്നെനനച്ചന്നു
വെണ്ണിലാവലിയുന്ന
കവിളിൽത്തഴുകീലേ.....?

മറക്കാൻ പറഞ്ഞിട്ടു
മറയാൻ ശ്രമിച്ചെന്നാ
ലറിയാതഴലാർന്നു
തളർന്നുമറിഞ്ഞീലേ.....?

അജ്ഞബോധത്താൽ, നീണ്ട
നീലവാർമിഴിരണ്ടു
മല്പമായ് വിരിയവേ
നിറഞ്ഞുതുളുമ്പീലേ ?......

വസന്തം പുണർന്നെൻെറ
പൂവനം പലവട്ടം
കൊഴിഞ്ഞൂതരുക്കളി
ലിലയും പൂവുംകായും

തളിർക്കാനവവീണ്ടും
വെമ്പുന്നെൻഹൃദന്തമോ
കരിയാതൊഴുകുന്നു
ജീവരക്തമന്യൂനം......

*　　　　*　　　　*

വിരിയാൻ തുടങ്ങുന്നു
രണ്ടുപൊൻമുകുളങ്ങ-
ളരികിൽ പൂമ്പാററക-
ളങ്ങിങ്ങുകളിക്കുന്നു

നേരുകയാണെന്നാത്മ-
    നായകാവിടരല്ലേ
പൂവുകളവയെങ്കിൽ
    രാജിക്കും നികുഞ്ജത്തിൽ.

1634
38395

## മുകുളം രണ്ട്.

# പൂവും പൂമ്പാററയും.

### 1

“തങ്കനീരാളംപോലെ
 യഴകിൻ പരിവേഷ
മൻപിനാലണിയിച്ചു
 പൗർണ്ണമി മറയുമ്പോൾ,
വന്നിടാംരാഗോദാര
 സൗരഭ്യപരാഗത്താ
ലുന്നതേ! സുരലോക
 ലാവണ്യനിധാനമേ!”
മാരിവില്ലണിയിച്ച
 സുഷമാവിലാസംപോൽ
ചാരുപൂഞ്ചിറകോലും
 ശലഭമൊരുനാളിൽ
പാടലനിറമാർന്ന
 തളിരാൽ തഴുകീട്ട
മേടലർമുകുളത്തെ
 ച്ചുംബിച്ചുമൊഴിയുന്നു!

KOTTAYAM PUBLIC LIBRARY
KOTTAYAM.

28395

മന്ദമാമരതക-
പ്പടർപ്പിലലയുന്ന
മന്ദമാരുതൻകാണെ
നാണിച്ചുകുണുങ്ങിയോരം

അംഗലാവണ്യംവഴി
ഞ്ഞറിയിച്ചുടൻതന്റെ
ഇംഗിതം "പരാധീന-
യൊട്ടുവിൽ പഴിക്കല്ലേ" !

കാമിതമറിയിച്ചു
ദീപംപോലൊളിതൂകി
തൂമണം കുളിർകാററി
ലൊഴുകീനിരന്തരം

പ്രേമമാദകമന്ദ്ര
മധുരസ്വപ്നങ്ങളാൽ
ശ്യാമളനികുഞ്ജത്തിൽ
നിന്നൊരുതാരംപോലെ !

*　　*　　*

ഇന്ദ്രനീലിമയാർന്ന
നഭസ്സിൽ താരങ്ങളും
ചന്ദ്രനുമൊളിമങ്ങി
മറയാൻ തുടങ്ങുമ്പോരം

വെണ്ണിലാവൊഴുകിയ
പൂമരങ്ങളിൽനിന്നു
കണ്ണുനീരുപോൽ
മഞ്ഞുതുള്ളികളടരുമ്പോരം

മുല്ലവല്ലികൾമെല്ലെ
    യിളകീകുളിർകാററിൽ
ഫുല്ലസുന്ദരിതൻെറ
    പ്രിയനാലഴകാർന്നു

കല്യമാമനുരാഗ
    മധുരംപകർന്നില്ല
മല്ലനാം കഴുകന്നു-
    തീനായിതവൾ കാൺകെ......

ജീവിതസങ്കല്പങ്ങൾ
    നിത്യസുന്ദരമെന്നാൽ
ഭാവിതൻ പരിണാമ
    ഗതിയാരറിയുന്നു?......

ഓമനപ്രസൂനമേ
    ജീവിക്കുപരാത്ഥമാ-
യീയുഗംപോലും
    ക്ഷണഭംഗുരമാകാമല്ലോ !......

KOTTAYAM PUBLIC LIBRARY • KOTTAYAM.

# വരുമോ തരുമോ മലർമാല്യം.

## 2

അരിമുല്ലകളിൽ കുളിരുചൊരിഞ്ഞ-
പ്പുലരിയൊരുങ്ങിവരുന്നല്ലൊ !
പനിനീർമലരിൻ മധുരംപകരാൻ
കരിവണ്ടിണകൾ വരുന്നല്ലൊ !
മണിവീണകൾതൻ മധുരനിനാദം
മരതകവനിയിലുയർന്നല്ലൊ !
വയലേലകളിൽക്കുരുവികൾ നിരയായ്
ക്കതിരുകൊതിച്ചുവരുന്നല്ലൊ !
പുളകംതഴുകും കവിളിൽപ്പൊടിയും
നവഭാവത്താലഴകേനീ
കടമിഴിനീളെക്കാറൊളിയൊഴുകും
കവിതയുമായയണയില്ലെന്നോ...?
അരികിലൊരിത്തിരി നേരംപോക്കിന്നു
വരുമോ തരുമോ മലർമാല്യം
കരളിൽകുളിരാർന്നമലേ ഞാനതു
തളിർമൃദുമേനിയിലണിയിക്കാം !

38395

# ആസേതുഹിമാചലം.

## 3

ഭാരതസ്വാതന്ത്ര്യത്തെ
 പ്പങ്കിടാൻ പൈശാചിക
ഭാവമോടണയുന്ന
 ഹീനമാം സംസ്കാരമേ,
ഘോരസംഗരരംഗ
 മാകയോ ഹിമാചലം
സോദരരക്തംകൊണ്ടു
 കഴുകാമെന്നോ ഭാവം?
ആദിത്യനണയാത്ത
 സാമ്രാജ്യമുണ്ടായിട്ടും
ഭാരതരത്നങ്ങളോ
 ടേററുതോററവരെങ്കിൽ,
ആനവചൈതന്യത്താൽ
 തുടിക്കും കരൾകാണ്മൂ
ക്രൂരനാം 'മാവോസേതുങ്'–
 മൺതരിക്കൊപ്പംനിന്നെ !

ഞങ്ങൾ തൻനിണംനൽകി
 നേടിയസ്വാതന്ത്ര്യത്തെ
ഞങ്ങൾതന്നഭിമാന
 വായ്പ്പിനെ ബലിനൽകി

എങ്ങനെവരിച്ചീടു
        മടിമത്തത്തിൻ തുരു-
ങ്കങ്ങനെ വരാമെങ്കിൽ
        മരണം സർവ്വോത്തമം !

മാനവസംസ്കാരത്തിൻ
        പ്രഭവസ്ഥാനങ്ങളിൽ
മാമകമാതാവിൻെറ
        യാശീർഷവിഭൂഷയിൽ

ദൂഷണമെന്നോവിശ്വ
        ജേതാക്കൾ പൊറുക്കില്ലീ-
ഭീഷണി; "സിംഹങ്ങളെ-
        ക്കുറുക്കൻ ഭരിക്കാനോ?....."

കാരിരുമ്പുരുകുന്ന
        മാരകയന്ത്രങ്ങളോ
ടാരണഭൂവിൽപ്പോയി
        പ്പൊരുതാംസഖാക്കളെ......

ഭാരതമുണരട്ടെ
        യാസേതുഹിമാചലം
മാനികളടിമത്ത
        ബന്ധനംപൊറുക്കില്ല......

# സഖീസമാഗമം.

## 4

കുളിരണിഞ്ഞ മഞ്ഞിൽ
പുലരി പുഞ്ചിരിപ്പൂ
തളിർമരങ്ങൾ പൂത്തുലഞ്ഞു
പരിമളം ചൊരിഞ്ഞൂ !

കിളികുലങ്ങളെങ്ങും
കളകളംമൊഴിഞ്ഞൂ
മരതകപ്പടർപ്പുതന്നി
ലൊഴുകിമധുരഗാനം

വയലുകൾ തെളിഞ്ഞൂ
കതിരുകൾ വിളഞ്ഞൂ
മഹിളമാർക്കു കൊയ്ത്തുകാല
മഹിത സ്വപ്നമായി !

പതിവുപോലുഷസ്സിൻ
സുഷമവെന്നൊരോമൽ
കലിതകൗതുതംവരുന്നു
സരളയെത്തിരക്കി

മധുരമന്ദഹാസ-
ദ്യുതിയുതിർന്നുചുണ്ടിൽ
പവിഴമാലപരിചിലാടി
ഒളിയെഴുന്നമാറിൽ-

പുലരിയിൽത്തിളങ്ങും
നളിനമെന്നപോലെ
അഴകുചിന്തിനിന്നു'രാധ'
മധുരമായ്മൊഴിഞ്ഞു

"സമയമേറെയായെൻ
സഖിയൊരുങ്ങിയില്ലേ"
കിലുകിലെച്ചിരിച്ചുചിത്ര-
ശലഭമവളെനോക്കി !

തരളചിത്തയാകും
സരളതൻവിഷാദം
വഴിയുമായതാക്ഷിയുഗ്മ
മവളിലൊന്നുചാഞ്ഞു.

വഴിയിൽവന്നുനില്ക്കും
സഖിയെനോക്കിയാത്ത
മിഴികളൊന്നുപോൽത്തുളുമ്പി
യഴലിനാൽ ക്ഷണത്തിൽ.

* *

"വരികയില്ലയെന്നോ
മണികിലുങ്ങിടുന്നു"
രമണിമന്ദമന്ദമന്ദ
മങ്കണത്തിലെത്തി.

"വരികയില്ലഞാനെൻ
പ്രിയസഖീ, പഠിക്കാൻ
വരികയില്ല, ഞാൻവിശന്നു
പൊരിയുമിന്നുവന്നാൽ.

1634

പശിയിലെൻെറ ജീവൻ
ചിറകൊടിഞ്ഞുതാഴെ
പ്പിടയുമീവിപത്തിലെന്തി
നിവളെ നീ വിളിപ്പൂ......?"

മൃദുലമന്ദഹാസം
മാഞ്ഞുപൊന്നുഷസ്സിൽ
സരളചൊന്നതോർത്തു"രാധ"
സദയമന്തികത്തിൽ

മിഴിനിറഞ്ഞണഞ്ഞൂ
വിവശയായ് വലഞ്ഞൂ
തഴുകിതങ്ങളിൽദയാർദ്ര
ഹൃദയരൊന്നുപോലെ

*　　　　*

തെളിയുമാപ്രഭാതം
പുലരുമെങ്കിലന്നാ-
ളഴകെഴുന്നരണ്ടുകൊച്ചു
സഖികളുല്ലസിക്കും.......

## മുകുളം മൂന്നു്.

# നനഞ്ഞമിഴികൾ.

## 1

"വേശ്യയാണിവൾ യാചകിയല്ല"
വാശിയോടേ പറഞ്ഞുനടന്നു.
വേദനിക്കുന്നനീലമിഴിയെൻ
ചേതനയെത്തടഞ്ഞുഞാൻനിന്നു.
ലോലലോചനാന്തങ്ങളിൽവെള്ളി
ത്തൂമണികളടർന്നുകഴിഞ്ഞു.
മാറിടത്തിൽതളർന്നുകിടന്ന
കോരകങ്ങൾനനഞ്ഞുകുഴഞ്ഞു;
വാരിധിയിലരുണൻമറഞ്ഞു
ചാരെയാമിനിവന്നിങ്ങണഞ്ഞു;
നീരദങ്ങളിലെങ്ങുംനിറഞ്ഞു
ച്ചാരുതാരകച്ചെമ്പനീർപ്പൂക്കൾ !
യാചകിക്കേകിഞാനേകനാണ്യം
സാധുബാലിക മെല്ലെനടന്നു
നിന്നുപോയിഞാൻ; നിശ്ചലനായി
"വന്നുകൂടേ...? ക്ഷണിച്ചോ..? —തുടർന്നു
ന്യായവാദംതുടങ്ങി"ചെറുപ്പ-
ക്കാരിയിപ്പെണ്ണുസാമാന്യയല്ല."

ഈവിധംപറഞ്ഞൊന്നു ചിരിച്ചു
സാവധാനംനടന്നായാൾവീണ്ടും.
മാവുപൂത്തുമണംവീണനാളിൽ
കാവിൽപൂങ്കുയിൽ കൂവുന്നനാളിൽ
പൊൻപുലരിവിരിഞ്ഞു, നഭസ്സിൽ
കുങ്കുമക്കുറിപൂശിയഭാസ്സിൽ !
വന്നുനിന്നൊരു വൃദ്ധയെൻമുന്നിൽ
നിർന്നിമേഷയായ് കൈക്കുമ്പിൾകാട്ടി
"ആരുമില്ലേനിനക്കാശ്രയത്തി"—
"നാരുമില്ല;"—ഞാൻ ചോദ്യങ്ങൾനീട്ടി
ഞെട്ടലോടവൾനെഞ്ഞത്തുകൈവ-
ച്ചൊട്ടുനേരംകഴിഞ്ഞുപറഞ്ഞു.
ജീവിതത്തിൻെറസുന്ദരനാളിൽ
മാരിവില്ലിൻെറകാന്തിവഴിഞ്ഞോൾ
"കഷ്ടകാലത്തിനന്നെൻെറകൊച്ചു
കുട്ടിനാളിൽതൊഴിലിനുവേണ്ടി
'അദ്രിമാൻ'തൻെറ വീട്ടിൽക്കടന്നി-
ട്ടൊട്ടുനാൾ വീട്ടുവേലകൾചെയ്തു
യൗവ്വനത്തിലെന്നംഗങ്ങളെല്ലാം
ചെമ്പരത്തിപ്പൂപോലുല്ലസിച്ചു
കാത്തിരുന്നുഞാനെങ്കിലുമെന്നെ-
പ്പാട്ടിലാക്കിച്ചതിച്ചയാൾതന്നെ !
നാണക്കേടായി മാതാപിതാക്കൾ
നാടുവിട്ടവരെന്നെവെടിഞ്ഞു
പേറുനോവിനാൽ ഞെട്ടിവിറച്ചാ
വീട്ടിനുള്ളിൽപ്പിടഞ്ഞീടുമെന്നെ

KOTTAYAM PUBLIC LIBRARY
KOTTAYAM.

ആട്ടിയന്നയാൾ "വേഗംകടന്നോ"
നീട്ടികൈകൾ കഴുത്തിന്നുനേരെ
താണുവീണുഞാൻ കേണിരന്നെന്നാൽ
കാണിയും ദയകാണിച്ചതില്ല
നൊന്തുനൊന്തപ്പടി കടന്നതോ
പൊന്തയിൽപ്പെറ്റു ഞാനെൻറമോളെ......
അന്നൊരന്തിയിലീവഴിപോകെ-
ന്നമ്മുവിന്നേകിയങ്ങൊരുനാണ്യം
രണ്ടുമാസംപനിയാൽവലഞ്ഞെൻ-
മങ്കയെന്നെപ്പിരിഞ്ഞുമറഞ്ഞു.
പാപിയാണുഞാൻ കുഞ്ഞേപിടഞ്ഞെൻ
പ്രാണനിപ്പോൾനിലയ്ക്കും വിശപ്പാൽ"
നിന്നുനിശ്ചലംഞാൻതെല്ലുനേരം
വിങ്ങിവിങ്ങിക്കരയുന്നവൃദ്ധ
കണ്ടുകണ്ണീരിലന്നുഞാൻചിത്രം
പണ്ടുപിന്നിട്ടസായാഹ്നചിത്രം !......
'അദ്രിമാ'നെൻറ ചാരത്തുനിന്നാ
മുഗ്ദ്ധയെ,ത്തൻെറ പുത്രിയെത്തന്നെ
"വേശ്യയാണിവൾ"യാചകിയല്ലെ-
ന്നുശിയാക്കി നടന്നൊരാരംഗം !

*　　　*

ദുഷ്ടവർഗ്ഗമേദൗർഭാഗ്യമെത്ര
ഏതുതടത്തിൽ നിറയ്ക്കുന്നുനിങ്ങൾ...?

# പൊലിഞ്ഞ കിനാവ്.

## 2

അമ്പിളിക്കലെപോലെ
	സൗന്ദര്യ്യംവഴിഞ്ഞുകൊ-
'ണ്ടമ്പിക'യിരിക്കുന്നു
	കുടിലിൽവിഷാദത്താൽ
തിങ്കളിൽ കളങ്കംപോൽ
	നീലനീരമിഴിരമ്യം
പങ്കജദലങ്ങളിൽ
	കരിവണ്ടിണപോലെ
ചേലെഴുംശൈലത്തിൻെറ
	താഴികക്കുടമായി
ബാലഭാസ്കരൻനിന്നു
	സ്മേരസുന്ദരരൂപൻ
തൂമധുതുളുമ്പീടും
	സുമവൃന്ദത്തെപ്പുൽകി
യാമലവാരങ്ങളി
	ലൊഴുകീകുളിർതെന്നൽ !
കൂട്ടുകാരിയെത്തേടി
	യപ്പോഴാമണിമുററ-
ത്താത്തകൗതുകം മോഹ-
	നണഞ്ഞു സസന്തോഷം

"തങ്കമേഫീസില്ലാഞ്ഞു
മുടങ്ങീവരില്ലിനി"
സങ്കടവാക്യംകേട്ടു
നടുങ്ങീകുമാരകൻ.
അമ്മയാവിധംനൊന്ത
കരളോടുരചെയ്കെ-
യമ്മകൾനിറഞ്ഞിടും
നീൾമിഴി തുടച്ചുപോയ്.
താവുമൾച്ചൂടാൻ
ഞെട്ടിത്തളരും കമാരൻെറ
താമരനേത്രങ്ങളിൽ
തൂമുത്തുപൊഴിയുന്നു......
മിണ്ടിയില്ലൊരക്ഷര
മിടരാർന്നിറങ്ങിയ-
ത്തണ്ടലർമുകുളത്തെ
നോക്കിനോവറിയവെ.

*                *

നീലിച്ചപക്ഷ്മങ്ങളാൽ
ചേലെഴും മിഴിചായ്ച്ചു
ബാലികമാതാവിൻെറ
ഭാവങ്ങളറിയുന്നു.
ആവിലവികാരംകൊ-
ണ്ടുഴലും മനസ്വിനി-
ക്കാവതില്ലശേഷവും
മകളെപ്പഠിപ്പിക്കാൻ.

സാഗരോപരിസൂര്യൻ
        പതിഞ്ഞൂപരിക്ഷീണ
രാഗവീചികൾവാനിൽ
        കുങ്കുമംതളിക്കുന്നു.
ബാലകനണയുന്നു
        വീണ്ടുമങ്കണംതന്നിൽ
ആലസത്ഭാവങ്ങളാ
        ലവളത്ഭുതപ്പെട്ടു.
മല്ലപ്പൂവൊളിവെല്ലും
        പുഞ്ചിരിയവൻതൂകി
വെള്ളിനാണയംനീട്ടി-
        പ്പുളകക്കളിരേകി
"അച്ഛനിതറിഞ്ഞെങ്കിൽ
        കൊന്നുപോം;"-പറഞ്ഞമ്മ
"നിശ്ചയമായുംഞാനി
        തമ്മുവിനേകിടുന്നു."
"വേണ്ടയോമനേ നീയാ-
        മോതിരംവിറേറാതങ്കം"
"വേണ്ടെങ്ങിക്കതു,"—ത്തുണ്ടി-
        ത്തുടർന്നു മനോഹരൻ.
പാടലാധരങ്ങളേ
        പൂഞ്ചെണ്ടുതമ്മിൽക്കാട്ടും
പാടവത്തിനെ;യേതു
        വാക്കിനാൽവർണ്ണിക്കേണ്ടൂ !...
നാലിളംകവിളുക-
        ളാനണക്കുഴികളാൽ

നാണത്തിൻ മണിവീണ-
        വായിച്ചുതകർക്കുന്നു
നാലുനീൾമിഴികൾക്കു
        തങ്ങളിൽ പകരുവാൻ
നൂറുനൂറുണ്ട് നീണ്ട
        കഥകൾ,വ്യഥകളും

*        *

"മോതിരംവിററെന്നോനീ"
        ജാതസംഭ്രമംതാതൻ
ക്രൂരമായലറുന്നു
        "പടിവിട്ടിറങ്ങിക്കോ"
"കാശുചോദിക്കുനീയാ
        മോതിരംവാങ്ങുവേഗം"
വാശിയോടലറുന്നു
        'പേക്കലി'തുള്ളീടുന്നോ...?
അന്തിതൻനിണച്ചാർത്തു
        ചിന്തുന്നുനീലാകാശം
വെന്തഹൃത്തടത്തോടേ
        മോഹനൻപോയിടുന്നു !
ആത്മഹത്യയ്ക്കായ് മതി-
        ന്നാദ്യമെങ്കിലും'മോഹൻ'
ആത്മരക്ഷതൻമാർഗ്ഗ
        മാരാഞ്ഞുഗമിക്കുന്നു.
ഇന്ദ്രനീലമാംവിണ്ണിൻ
        മാറണിപ്പട്ടിനുള്ളിൽ

ചന്ദ്രലേഖയാംതങ്ക
        ത്താലിയുംതെളിയുന്നു:
ശ്രീലമാമൊരുകൊച്ചു
        പട്ടണംകണ്ടപ്പോഴാ
ബാലക,നിരുന്നൊന്നു
        വിശ്രമിക്കുവാൻതോന്നി
തളരുംമിഴിപൂട്ടി
        മയങ്ങീകുമാരകൻ-
ഉണരാൻഗർജ്ജിക്കുന്നു
        ക്രൂരനാം കടക്കാരൻ...
"ധിക്കാരിച്ചെറുക്കാനീ
        കക്കുവാൻവന്നോനല്ലേ...?
ഇക്കഴുവിനെക്കാഴ്ച
        കണ്ടെല്ലോ; മിഴിക്കുന്നോ..."
ഞെട്ടറുപോയീകരൾ-
        പ്പൂവിലായടിയേററു
പെട്ടന്നുപിടഞ്ഞവൻ
        വീണടനെഴുന്നേററു
താരകളാകാശത്തിൽ
        വിളറീസുമാവലി
മോദമായ് ചരിത്തുകീ
        കാമുകന്മാരെത്തേടി
പുലരിപ്പെണ്ണിൻകാന്തി
        തെളിഞ്ഞൂമുത്തശ്ശീമാ-
രുണരാൻ വെമ്പീനാമം
        മുഴങ്ങീനാനാദിക്കിൽ !

*         *

ഉച്ചയോളവുമവ
        നങ്ങിങ്ങുപററിക്കൂടി-
പ്പിച്ചതെണ്ടുവാൻവയ്യ
        നടന്നുപ്രാഞ്ചിപ്രാഞ്ചി
"പച്ചവെള്ളംവേണെങ്കിൽ
        കാശിനുവാങ്ങുവല്ലോം"
പിച്ചനെപ്പോലാട്ടുന്നു
        മുറുക്കാൻകടക്കാരൻ !...
ഓഫീച്ചുപൊരിഞ്ഞേറെ
        വലഞ്ഞുകണ്ണീർവീഴ്ത്തി
വീഥികൾതോറും നട-
        ന്നലഞ്ഞുതൊഴിൽതെണ്ടി
വറളുംനാവിന്നിററു
        നീരിനുവേണ്ടിട്ടവൻ
വിരവിലോടച്ചാലി
        ലിറങ്ങീശാന്തംപാവം !
തെണ്ടികളവിടുണ്ട്
        പട്ടികൾ, തെരുവിൻെറ
ചണ്ടികൾ കുളിപ്പില്ലേളർ
        കരച്ചുചാടീക്കൂട്ടം
ചിരിച്ചു ചുററുംനിന്നോർ
        വിളിച്ചു "ഭ്രാന്തൻ, ഭ്രാന്തൻ !"
വിറച്ചുതേങ്ങിത്തേങ്ങി-
        ത്തളർന്നുനിന്നാസാധു...

വേദനിപ്പോനെക്കണ്ടി-
ട്ടാമോദംപൂണ്ടീടുന്ന
മാനവസംസ്കാരമേ-
ഹീനമാംനിയമമേ...

ഓടപോയ് ചേരുംചെറു
കായലിലൊരുജഡം
കൂടിയുണ്ടായി; നാട്ടാർ-
ക്കില്ലതുനോക്കാൻനേരം

മാനവചിത്തങ്ങളെ
കല്മഷപ്പെടുത്തുന്ന
ഹീനമാംസംസ്കാരമേ
തകരാൻ വൈകുന്നെന്തേ...?

ജീവിതചഷകത്തിൽ
മുന്തിരിച്ചാറേകീടും
സ്നേഹമേവിജയിക്കൂ...
മാനുഷഹൃദന്തത്തിൽ !...

*                *

# പുത്തൻകാറററ്.

## 3

ഇത്തിരുവോണനിലാവിൽക്കലെയുടെ
മുത്തുകൾവിടരും വെള്ളാമ്പലുകളിൽ
ഇത്തിരിനേരമിരുന്നൊരുസൗരഭ-
മുത്തംനൽകാനണയൂകാററേ......

തേൻകുളിരലരിൻതാലപ്പൊലികളിൽ
നീന്തിമയങ്ങിമയങ്ങിവരുമ്പോൾ
അധരപുടങ്ങളിലൊഴുകാറുണ്ടോ
മാലാഖകളുടെ മഞ്ജുളഗീതം !...

പുഞ്ചിരിവിരിയും താരങ്ങൾമണി
മഞ്ചമൊരുക്കും മുകിലിൻമുകളിൽ
എന്തുവിശേഷം നീലക്കുയിലുകൾ
സംഗീതത്തിനുപോകുന്നുണ്ടോ...?

വീണാവേണുലയാന്വിതനാദം
നീമലവാരങ്ങളിലലയുമ്പോൾ
കരളിന്നിതളിൽ വളരുംപുളകം
അരികിൽവരുനീ പുത്തൻകാററേ...!!

N.B. 'ശില്പി' എന്ന നൃത്തനാടകത്തിൽ ഈ കവിത ചേർത്തിട്ടുണ്ട്.

# മാബലിക്ക് ഒരു നിവേദനം.

## 4

പൊന്നോണം വന്നു വന്നു
മാവേലിമന്നൻതൻെറ
സുന്ദരസ്മരണക-
ളുണർന്നുമലനാട്ടിൽ !

പാട്ടുമാട്ടവുംകൊട്ടും
കുത്തിയോട്ടവുമായി
നാട്ടിനുത്സവമെങ്ങു
മുല്ലാസമലതല്ലി !

തൂമലർ മുററങ്ങളിൽ
കേരളാംഗനമാർന-
ല്ലൂയലിലാടിടുന്നു
കുരവയുതിർക്കുന്നു !

അദ്ധ്വാനശീലന്മാരി-
ലുളവായ് പുളകങ്ങ
ളിദ്ധരാതലംകണ്ണും
കരളുംകവരുന്നു.

പട്ടിണിപ്പാവങ്ങളിൽ
പ്പട്ടണമുഖങ്ങളിൽ
പട്ടുപുഞ്ചിരിത്തത്തി-
ത്തിളങ്ങുന്നൊരുപോലെ !

താരയുംനിലാവുംപൊ-
        ന്നാമ്പലും വെൺമേഘവും
ചാരുവാമോണക്കോടി
        യുടുത്തുകഴിഞ്ഞെന്നോ ?
കാവിലുംപറമ്പിലും
        പാടത്തുംപൂമ്പാററകൾ
ഓണത്തിൻകൊടിക്കൂറ
        യുയർത്തിപ്പറക്കുന്നു.
ഗ്രാമങ്ങളുടനീള-
        മോണത്തിൻതെളിനാള-
സൂനങ്ങൾ കണിവച്ച
        പോലെയെന്തൊരുമേളം !
"നല്ലമാനുഷരെല്ലാ-
        പേരുമൊന്നുപോൽത്തന്നെ"-
തെന്നൽതംബുരുമീട്ടി
        ച്ചൂർവന്നുമണ്ണുംവിണ്ണും.
മാബലിവിചാരിക്കാ-
        മീവിധംതാലപ്പൊലി
തൂവുകയാണെന്നെന്നു
        മീനാട്ടിൻ ചിലമ്പൊലി !
"ഈദിനംകഴിഞ്ഞൊന്നു-
        വരുമോ ഭവാനെങ്കിൽ
വേദനതളംകെട്ടി
        നില്പതുകാണാമെങ്ങും !!"

1634

## മുകുളം നാല്.

# ശകുന്തളയെക്കണ്ടപ്പോൾ.

### 1

സുമവൃന്ദ മുതിരുന്ന
പരിമളം കലരുന്ന
കുളിർ തെന്നലൊഴുകുന്ന
മരതകച്ചോലകൾ !
അരയന്ന മിഥുനങ്ങൾ
മണിമാല്യ മെന്നപോ
ലിളകവേ തിരകളാ
ലഴകാർന്ന മാലിനി !
മുരളുന്നു കരിവണ്ടു
കിളികുലം കളകളം
മൊഴിയുന്നു വിപിനങ്ങ
ളനുപമം നിർമ്മലം !
അതിരമ്യ ഹരിണങ്ങൾ
കളിയാട്ട മതിധന്യ
വനമാല കവരുന്നു
ഹൃദയങ്ങ ളവിരതം !
മദമാണ്ടു കരിവണ്ടു
കൊതികൊണ്ടു മുകരുവാ
നണയുന്നു വദനേന്ദു-
വരവിന്ദ ശങ്കയാൽ...

വിറപൂണ്ടു കനകാംഗി
യലസയായ് പോർകൊങ്ക
യിരുകുന്ന മുരുകമാ
മരവുരി ക്കെട്ടിലായ്...
അവളാണു വനലക്ഷ്മി
യതിധന്യ കണ്വന്റെ
സുതയായ പുകൾപെററ
സുരലോക സുന്ദരി !
കളിപറ ഞ്ഞവളോടു
ലളിതകൾ രണ്ടുപെൺ
കൊടികളാ പ്രിയസഖി
കുളവാക്കി യുൾക്കുളിർ !
മധുമാസ മലരിനാൽ
പരിവേഷ മുളവായ
തരുവിന്റെ തണൽതന്നിൽ
നിലയായി മന്നവൻ !
മദമത്ത മധുകരം
പിരിയുമോ പുലരിയിൽ
പ്പുണരാതെ മലരിനോ
ടണയാതെ നില്ക്കുകിൽ ?
മിഴികളും ചൊടികളും
കവിളുമാ ചുരുൾവേണി
യിളകുന്ന നിടിലവും
കുചകുംഭ സമ്പത്തു
മുളവാക്കി യനുരാഗ
മകതാരിൽ ദുഷ്യന്ത—
നുളവായി മലർബാണ
പരവേശ മഞ്ജസാ...

# മാനസറാണി.

## 2

താരകത്താരുകളീരമ്യരാവിൻെറ
നീരദവേണിയലങ്കരിച്ചു
പാലൊളിചിന്തിയ തൂനിലാച്ചേലയാൽ
ശ്രീലമായ് യാമിനീ മോഹിനിയും !......

മാരനെത്തേടും മദാലസമാരായ
മാലാഖമാരുടെ തേരുപോലെ
ദൂരെവിയത്തിൽവിളങ്ങുന്ന വെണ്മുകിൽ
ചാരുമരാളങ്ങളെന്നുതോന്നും !

ബാലാനിലൻകുളിരോളങ്ങളോടുചേ-
ന്നാലിംഗനത്തിൽ ലയിച്ചിടുന്നു
താമരക്കൊങ്കതുടിച്ചു നളിനിക്കു
മാമയമേകാമനംഗനല്പം.

കുഞ്ഞിച്ചിറകടി കേട്ടുണരുന്നപൈങ്കിളി
പ്പെണ്ണുപിണങ്ങിത്തുടങ്ങിടുന്നോ..... ?
മഞ്ഞുചൊരിഞ്ഞു കരളുകളിരുകിൽ
നെഞ്ചിലൊരിത്തിരിച്ചൂടുവേണ്ടേ......?

നാണംകുണുങ്ങിയാബാലികാവല്ലിക-
ളായുന്നപൽകാൻ വികാരലോലർ
മാധവരാവിനുമാദകമെന്തിദം
മാധുര്യമുള്ളിൽത്തുളുമ്പിടുന്നു !

ആരാമപാർശ്വംപുണർന്നു മന്ദാകിനി
ആരവമില്ലാതൊഴുകിടുന്നു
വാരിധിനാഥനെത്തേടുകയാണവൾ
നേരംപുലരുന്നതിനുമുൻപേ.

താമരത്തനാവികൾക്കെന്തറിയാം മണി-
മാരനണഞ്ഞമധുരമേക്കു്
മാനസറാണിയെൻ ചാരത്തിലെത്തിടും
പാതിരാപ്പൂക്കൾതൻ സൗരഭത്താൽ !

പഞ്ചമരാഗമാരാക്കിളിപാടുകിൽ-
അങ്കത്തരിവളമേളമേകും
അഞ്ചിതനർത്തനം താളലയാനാവിതം
കാഞ്ചനശോഭിതംകൊങ്കയുഗ്മം

ചുണ്ടിൽവിരിഞ്ഞിടും മന്ദഹാസച്ഛവി
കണ്ണിൽക്കിനാവുകൾ പൂവിരിക്കും
ആനീലലോചനം പ്രേമാർദ്രവീക്ഷണം
ആനന്ദമന്തരംഗത്തിനേകും

സായൂജ്യമേകുവാനെന്മനോനായിക
ലാവണ്യദേവതപോരുമിപ്പോൾ
സ്വപ്നാനുഭൂതിയിൽ വിസ്മൃതനായിഞാൻ
മുഗ്ദ്ധസൗരഭ്യംമുകർന്നിടട്ടെ......!

# കിന്നരഗാനം.

## 3

നീലവിഹായസ്സിൽ നീരവം താരകൾ
ശ്രീലമായേറെത്തെളിഞ്ഞുയർന്നു
പൊന്നൊളിചാർത്തിയ ചന്ദ്രികതെന്നലിൽ
പുഞ്ചിരിക്കുഞ്ഞലനെയ്തിരുന്നു.

കാനനച്ചോലയിൽത്താരിളംവല്ലികൾ
താളലയാനന്ദിതമായിരുന്നു
മാമകനന്ദനോദ്യാനത്തിലേകയായ്
വീണയുമായി ഞാൻനിന്നിരുന്നു

അന്നെൻെറയാത്മാവിനിക്കിളിയേകിയ
'കിന്നരഗാന'മൊട്ടാസ്വദിച്ചു
നിന്നില്ലൊരല്പവുമാനല്ലഗായകൻ
വന്നപോൽപ്പോയിഞാൻ നോക്കിനില്ക്കേ

മാമകചിത്തംത്രസിച്ചുമിഴികളി
ലാമോദത്തുമണിമുത്തുതിർന്നു
ആനവരാഗത്തിൻ മാധുരിമാമക
മാനസവേദിയിൽത്തേൻപകർന്നു.

സായംകഴിഞ്ഞുഞാനേകയാണെങ്കിലും
പേടിയുണ്ടായില്ലവഴിത്തടത്തിൽ
പാതയിലാരുമന്നുണ്ടായിരുന്നില്ല
പാതിരാപ്പൂക്കൾ വിടർന്നിരുന്നു.

* * *

കാലംകഴിഞ്ഞു വസന്തംപുണർന്നെൻെറ
പൂവനം പിന്നെയും പിന്നെയുംഞാൻ
തേടിയന്നാരതം വന്നില്ലയാനല്ല
ഗായകൻപിന്നെയപ്പാതവക്കിൽ !
തേനൊലിപ്പൂവിൻെറ തൂമണംതിങ്ങുമെൻ
ശ്രീലമാം പൂന്തോപ്പിലേകയായി
വീണയുംമീട്ടിനികുഞ്ജത്തിലൊന്നിലായ്
ദേവനെത്തേടി ഞാൻകാത്തിരിക്കും !
പൂവണിമെത്തയൊരുക്കിഞാനെന്നുമ-
ത്യാനന്ദലീനയായ് കാത്തിരിക്കും !
നീലവിൺതാരകൾനോക്കിഹസിച്ചിട്ടും-
"മാരനണയുവാൻനേരമില്ല !"
നേരമില്ലെങ്കിലുമാഗാനനിർഝരി
ഈരമ്യഭൂവിലണയ്ക്കുകില്ലേ...?
നോവുന്നഹൃത്തിനൊരാശ്വാസമേകുവാൻ
ജീവിതാനന്ദമേപോരുകില്ലേ......?
ഏഴയാമെന്നിലട്ടിവ്യനിമേഷത്തി
ലേതോവികാരത്തിൻ കന്ദളങ്ങൾ
ചേതസ്സിലാണ്ടുപോയ് സാരസതുല്യമായ്
പാലൊളിപൂണ്ടകരംകൊതിപ്പൂ.
പുഞ്ചിരിതഞ്ചുമെൻചുംബനമാലയാ-
ലന്തികമെത്തിപ്പുളകമേകാം
തേനൊലിപ്പൂവിനാൽ മാലകോർത്താമൃദു
കോമളകണ്ഠമഴകിലാഴ്ത്താം.
മോദിതയായിവളേകിടാമെന്നുടെ
ചേതനപോലുമീപ്രേമവായ്പിൽ
പോരുമോ; പോരുമോ ഗായകദേവനെൻ
ചാരെയാഗാനമൊന്നാലപിക്കാൻ !

—•—

38395

# ഒരു ചോദ്യം.

## 4

ഹാകഷ്ടം ഭീതിപൂണ്ടിട്ടരിയവിവശയായ്
ച്ചെററൊതുങ്ങിക്കനിഞ്ഞി-
ട്ടാകാററിൽപ്പെട്ടുലഞ്ഞും കഠിനമഴനന-
ഞ്ഞാകമാനം കുഴഞ്ഞും
താരുണ്യം മാഞ്ഞുപോയക്കവിളുകളറിയാ
താടിയും കീറമുണ്ടാൽ
മാനംമാത്രം മറച്ചും നെടിയവടിയിടിച്ചും
വലിഞ്ഞെത്തിവൃദ്ധ.

ധാരാസംപാതമേററങ്ങതി കലുഷമതായ്
ത്തീർന്നവീട്ടിൽപ്പലേടം
ചോരുന്നുണ്ടങ്ങുമിങ്ങും സലിലമൊഴുകിടും
പാട്ടമായാതെകാണാം.

ആരാവംമാത്രമൊട്ടങ്ങകലെ മരുവിടും
ദർദ്ദുരത്തിൻെറയാണ-
ന്നാരാവിൽ കേൾക്കമാരുണ്ടവിടെയവിരതം
മാരുതൻ വീശിടുന്നു.

ശ്രീമത്തായോരുനാളിൽ നിശയിലിടവിടാ-
തെത്രയോ സേവകന്മാ
രാമോദത്തോടു ചെററപ്പുരയിലനുദിനം
ചെന്നു കാല്ക്കൽക്കിടന്നു...?

പൂമാതിൻശോഭയോടാനളിന നയനയാ
ളുന്നശോഭിച്ചതാകാം
കാമാന്ധന്മാരിലേററം മമതവളരുവാൻ
കാരണം, നിർവ്വിശങ്കം.

കാലത്തിൻകുത്തൊഴുക്കിൽ നിശകൾപലതുപോയ്
ക്കാലമിന്നേറെയായി-
ട്ടാലംബത്തിന്നൊരാളില്ലവശതയണയെ-
ക്കാണുമോ ജാരവർഗ്ഗം...?

വേലയ്ക്കാവില്ലതെല്ലും വയസ്സമരുപതി-
ന്നപ്പുറത്തെത്തിയിപ്പോ
ളാലസ്യം പൂണ്ടിടുന്നണ്ടശനവശവു-
മില്ലാതെ യാചിച്ചിടുന്നു.

ആലസ്യത്തോടുറോഡിന്നരികിൽ വിവശയായ്
വന്നുനിന്നീടുമെന്നാൽ-
പ്പോലുംനോക്കാൻമടിക്കും സഹചരരൊരു-
കാലത്തു മാനംവെടിഞ്ഞോർ

ഈലോകത്തിൽദിനാന്തംവരെയുമഴലിനാൽ
ദിനദിനം വിലാപി-
ച്ചീടുംപാവങ്ങളെന്നും ധരയിതിലലയും
ചോദ്യരൂപം കണക്കേ.

## മുകുളം അഞ്ച്.

# ഉണരുന്ന ഭാരതം.

### 1

ജീവിതവസന്തത്തിൽ
പുഷ്പവാടികളാടി,
ജീവികൾക്കവിരാമ-
മാനന്ദാമൃതം ചൂടി,
മാനവവൃന്ദങ്ങളേ
യുവചൈതന്യത്തിന്റെ
യാനവഗാനം കേൾപ്പൂ
വിപ്ലവകന്ദങ്ങളേ !
ചേരലെഴും ഗ്രാമങ്ങളും,
കായലും, പാടങ്ങളും
നീലമാമലമേടും,
കടലും, തടങ്ങളും
താരണിവനങ്ങളും
താമരക്കുളങ്ങളും
ശ്രീലമാമൊരുനവ്യ
കാഹളമേളം കേൾപ്പൂ !
ആരുടെയനല്പമാം
ഭാവനാവിലാസങ്ങൾ

താരുണ്യംതളിപ്പിപ്പൂ
സുരസുന്ദരീമാരിൽ ?
ആരുടെയഭൗമമാം
ശേമുഷീപ്രകാശങ്ങൾ
പൂവൊളിതുളുമ്പിപ്പൂ
മണിമന്ദിരങ്ങളിൽ ?
ആരുടെയതുല്യമാം
പ്രതിഭാവിശേഷങ്ങൾ
ചാരുതചിന്തീടുന്ന
ധരണീതലങ്ങളിൽ ?
ഈരമ്യലോകത്തിൻെറ
ശില്പിതൻ സമ്മാനങ്ങൾ
നൂതനംസനാതന
സംസ്കൃതീവിശേഷങ്ങൾ...!
പാരിനോടെതിരിട്ടു
ചോരയെനീരാക്കുന്ന
ധീരരിൽത്തിളങ്ങുന്ന
മംഗളമഹാശക്തി
പാരിതിൽപ്പകരുന്ന
ഘോഷമാണെല്ലാമ്പ്യോഴ
മാരവം സൃഷ്ടിച്ചിട്ടു
മുണവ്വിൻ പ്രളയാഗ്നി !
കാരിരുമ്പിനെവെല്ലും
ക്രൂരനാം കരിമ്പാറ
ചാരമായ്മാറി
ജ്ജലസേചനം തുടരുന്നു...

ക്രൂരിരുൾപ്പുകനീങ്ങീ
വൈദ്യുതദ്യുതിതിങ്ങീ
ആരചിക്കുന്നുപാടം
കനകക്കതിർനാണ്യം !
ലോകസൗന്ദര്യത്തിന്റെ
പ്രഭവസ്ഥാനം സ്വർഗ്ഗ
ലോകശാന്തിയെവെന്നാ
സൗന്ദര്യനികേതനം
സാഹിതീക്ഷേത്രംവേദ-
വേദാന്ത പ്രഭാവത്തിൻ
ശാശ്വതമഹസ്സാർന്നീ
ഭാരതം ജയിക്കുന്നു.
സ്നേഹപൂർവ്വകമായി
വെൺപിറാവനസ്യൂത
മാഹവംകാംക്ഷിപ്പോരി
ലേകുന്നു സമാധാനം
ആമന്ത്രമഹിംസയാൽ,
സത്യത്താൽ, സൗന്ദര്യത്താ-
ലാമഞ്ജുകപോതത്തിൽ
സ്ഫുരിപ്പൂസനാതനം !

KOTTAYAM PUBLIC LIBRARY
KOTTAYAM.

# ചിറകററ ചിന്തകഠം.

## 2

താരിളംവല്ലികഠം നൃത്തംചവിട്ടുന്ന
താഴ്‌വരക്കാവിലെച്ചന്ദനച്ചില്ലയിൽ
തീരെത്തളർന്നുനീ വീണതെന്തോമനേ...?
താമരത്തൂമിഴിയെന്തേ കലങ്ങുവാൻ ?
പൊന്നിൽക്കളിച്ചുയർന്നീടും ദിനേശനും
സൗരഭോന്മാദം വിതുമ്പുന്നതെന്നലും
വാസന്തകാന്തപ്രഭാമയദാരുവു
മേകിയില്ലേ നിനക്കാനന്ദമല്പവും.

*　　　　*

താഴത്തുദൂരത്തു താമരപ്പൊയ്കതൻ
തീരത്തു പച്ചിലച്ചാർത്തൊന്നിളകവേ
തമ്മിൽത്തഴുകിയിരുന്ന കപോതങ്ങഠം
തമ്മിലന്യോന്യം മൊഴിഞ്ഞുപറന്നുപോയ്.
പുൽക്കൊടിത്തുമ്പത്തുനിന്നു തുടിക്കുന്ന
മുത്തിനെമുത്താൻ കൊതിക്കുംപുലരിയിൽ
വാസരസുന്ദരിക്കുള്ളംകുളിരുന്ന
വാസന്തകാന്തിയൊഴുകി വിളങ്ങവേ
നിന്നുഞാൻനീരവമെൻ മനോവേദിയിൽ
തങ്ങിയാവൈരുദ്ധ്യ ചിത്രങ്ങളൊന്നുപോൽ
"കേഴാതെപൊന്നരിപ്രാവേകിനാവുകഠം
മായികമേറെയെന്നോർക്കുകയോമനേ !"

# തപസ്വിനി.

## 3

(അവലംബം ; കുമാരസംഭവം.)

കാമനെ ദഹിപ്പിച്ചോ
 രാരൗദ്രഭാവം കണ്ടു
കാമിനീമണിക്കുള്ളി
 ലുളവായ് പരിഭ്രമം
കാമിതം ഫലിക്കാഞ്ഞു
 പഴിച്ചു ലാവണ്യത്തെ
യോമലാൾ; തപോമാർഗ്ഗ-
 മാരായുന്നതിദ്രുതം !
വാകതൻ മനോജ്ഞമാം
 മലർപോലൊളിതൂകും
ലോകസുന്ദരിയായ
 മകൾ തൻ മനോരഥം
ആകുലമോടേ കേട്ട
 മാതാവുമാറോടണ-
ച്ചാകണ്ടു മനാരതം
 മകളെത്തഴുകുന്നു !
താതനോടനുവാദം
 സഖിയാൽ വാങ്ങീ വേഗം
ജാതകൗതുകം ഗൗരീ
 ശിഖരം പ്രാപിക്കയായ്

മോഹനസ്തനോപരി
വരിഞ്ഞുതൂവല്ക്കലം
സാഹസമെന്ന്യേതനിച്ചി
വെടിഞ്ഞുമണിമാല്യം.
മേചകനിറമാർന്ന
മുടിയാലുമതൻെറ
മോഹനമുഖാംബുജ
മുല്ലസിച്ചതുപോലെ
ശോഭചിന്തുകയായീ
ജടയാലളിയെപ്പോൽ
താമരയ്ക്കുഴകേകും
പായലിൻപരിവേഷം !
മുഞ്ജതൻരമണീയ
മായമുവിഴചേർത്ത-
തഞ്ജസാസ്യകുമാരി
യണിയുന്നരതന്നിൽ
അംഗനയ്ക്കുളവായീ
പുളകംതളിർമെയ്യി-
ലിംഗിതമെന്ന്യേതനിച്ചി
വെടിഞ്ഞുപൊൻമേഖല.
ചെമ്പഞ്ഞിനീരാൽശോണി
താധരംമിനുക്കിയു
മിമ്പമായ്കുചത്തിൽക്കൊ-
ണ്ടുയരുംപന്തേററീട്ടും
മങ്കതൻലോലാംഗുലി
ശോഭിച്ചപോലിപ്പോഴും

തങ്കശോണിമയേകീ
കുശയുംരുദ്രാക്ഷവും.
സ്സിശ്ധമാംപൂമെത്തമേൽ
വേണിയിൽനിന്നുംവീണ
മുഗ്ദ്ധമാംമലർകൊണ്ടും
വലഞ്ഞവിമലാംഗി
ബുദ്ധിമുട്ടിയില്ലിപ്പോഠം
നിലത്തുകരവല്ലി
ബദ്ധമോദമായ് ശീർഷ
മണച്ചുശയിച്ചിട്ടും.
വല്ലികാമണികഠംക്കം
പേടമാനിനുംതൻെറ
യുല്ലാസവിലാസവും
ചില്ലിവില്ലാട്ടങ്ങളും
നല്ലപോൽസംരക്ഷിപ്പാ
നേകിയെന്നതേതാന്ത്യ
കല്ല്യാണകാലംവന്നാ
ലിച്ഛപോൽഗ്രഹിച്ചീടാൻ.
ഉന്നതസ്തനോപമ—
മുത്തുങ്ഗകുംഭങ്ങളാ
ലന്നതാംഗിയാളേകി
സഖിലംചെടികഠംക്കായ്
അന്നതിലുളവായ
പുത്രവാത്സല്ല്യംതെല്ലും
പിന്നൊന്നുകുറയ്ക്കുവാൻ
ഋഹന്നുംകഴിഞ്ഞില്ല !

കാനനധാന്യംനൽകി
ലാളിക്കുംഹരിണങ്ങൾ
സാനന്ദമണയുന്നു
സഖിമാർകാണെത്തന്നെ
ത്തുമിഴിയടുപ്പിച്ചു
മിഴിയോടിടയുമ്പോ-
ലാവിധംനിഷ്ഠയായീ
വിശ്വാസവിനോദങ്ങൾ !
ബാലയാമവൾഹോമം
വഴിപോലനുഷ്ഠിച്ചാൾ
സ്നാനവുംയഥാവിധി
തുടർന്നുധ്യാനോത്സുകം
മാർവ്വിലായണിഞ്ഞന്നു
വല്ക്കലംജാതോന്മേഷം
യോഗിമാർപ്രായംനോക്കാ
തണഞ്ഞാതപംകാണ്മാൻ !
പൂർവ്വവൈരികളായ
മൃഗങ്ങൾശാന്തങ്ങളായ്
പ്പൂമരംകനിയാർന്നു
മാതിഥ്യംപാലിച്ചുപോയ്,
ത്തുമയോടുടജത്തി
ലെരിഞ്ഞൂഹോമാഗ്നിയു
മീമട്ടിൽതപോവനം
പാവനമായിത്തീർന്നു
ഇത്തരംതപോമാർഗ്ഗം
സ്വീകരിക്കുകകൊണ്ടും

സത്വരംഫലപ്രാപ്തി
യില്ലെന്നുനിനച്ചവരം
പേലവമൃദുഗാത്ര
ലാഘവംഗണിക്കാതെ
ഘോരമാംതപോനിഷ്ഠ
തുടരാന്നുറയ്ക്കുയായ്...
കന്ദുകക്രീഡാവേള
തന്നിലുംതളർന്നവ
ളിന്ദുമണ്ഡലംപോലെ
വിളങ്ങുംമുഖമുള്ളോരം
തീവ്രമായ്,ത്തപിക്കുന്നു
സ്വർണ്ണത്താമരകൊണ്ടു-
ല്ലീമൃദുദൃഢഗാത്രം
രചിച്ചൂവിധാതാവും...?
മുന്നിലും പാർശ്വങ്ങളിൽ
രണ്ടിലുംപിൻഭാഗത്തും
മിന്നിയുജ്ജ്വലിക്കുന്ന
കനലാഴിതൻമദ്ധ്യേ
നിന്നവരംശരത്കാല
മദ്ധ്യാഹ്നാർക്കനെനോക്കി
യന്യൂനപ്രഭയ്ക്കുന്നും
കുറവുണ്ടായിലൊട്ടും
ഊഷ്മളമാകുംഗ്രീഷ്മ
രശ്മിയിൽമുഖാംബുജം
മേല്ക്കുമേലൊളിചിന്തി
യർക്കനാൽ കമലംപോൽ !

രകവലംപരിക്ഷീണ
　　മെങ്കിലുമപാംഗങ്ങൾ
നീളുന്നനീലാഭമായ്
　　കാതോളമെത്തുംമട്ടിൽ !
മേചകനിറമാർന്ന
　　മേഘങ്ങൾവർഷിക്കുന്ന
മാരിയുംയാചിക്കാത്തൊ
　　രചരങ്ങളെപ്പോലെ
പൂനിലാ;വതുരണ്ടും
　　പാരണയാക്കീതന്വി
യാനവലാവണ്യത്തിൽ-
　　കഠിനവ്രതംരനാറവ
എരിയുംയാഗാഗ്നിയു
　　മർക്കനും തപിപ്പിച്ചോ
രവൾതൻ തളിർമേനി
　　പുതുവർഷാശ്ലേഷത്താൽ
ധരയോടൊപ്പംതന്നെ
　　ബാഷ്പമോചനംചെയ്തു-
തൊരുപോലുയർന്നേറി
　　യന്തരീക്ഷത്തിൽപ്പോലും
ഇമയിൽക്ഷണംതങ്ങി
　　നിന്നു,പോയടർന്നുടൻ
ചൊടിയിൽതല്ലീ,തട്ടി
　　ത്തകർന്നുമുലകളിൽ
വലിയിൽചിന്നീ,മിന്നീ
　　നാഭിതൻചുഴിതന്നിൽ

പ്പതീയുന്നാല്യംവീണ
രമ്യമാംമഴത്തുള്ളി
പർണ്ണശാലയുംവെടി
ഞ്ഞകയായ് ശിലാതലം
തന്നിലായ് ശയിക്കവേ
മിന്നലാംമിഴികൊണ്ടു
അന്നതാംഗിയെനോക്കി
രാത്രികൾ സാക്രുതമായ്
നിന്നുപോയ് തപസ്സിന്റ
സാക്ഷിയെന്നതുപോലെ.
ഹേമന്തസമീരണൻ
വീശവേശിശിരത്തി
ലാകലമെന്യേകുളിർ
വാപിയിൽ മനസ്വിനി
പ്രേമവായ് പോടേകേഴും
കോകദമ്പതിമാരാ
ലാമയംകവിഞ്ഞുള്ള
മലിഞ്ഞുനിലകൊണ്ടു.
താമരപ്പൂപോലേറെ
ലസിക്കുംമുഖംകൊണ്ടും
കോമളദളംപോലെ
ചലിക്കും ചൊടികൊണ്ടും
തൂമഞ്ഞുമഴമൂലം
കമലംനഷ്ടപ്പെട്ടൊ-
രാമഞ്ജ്ജുതടാകത്തിൽ
നിന്നവൾസരോജംപോൽ !

താപസേന്ദ്രന്മാർമാത്രം
തനിയേകൊഴിയുന്ന
മാമരദലങ്ങളെ
പ്പാരണയാക്കിടുന്നു
ഓമലാളതുപോലും
വെടിഞ്ഞു സുഭാഷിണി
കേൾവിയാ'ന്നപർണ്ണ'യെ-
ന്നുള്ളൊരുനാമത്താലും
താമരവളയംപോൽ
മൃദുവാമുടലാലീ
യോമലാളിതേമട്ടിൽ
കഠിനവ്രതംനോററു
ഭീമരൂപികളായ
താപസന്മാരിൽപ്പോലു
മേകിയത്ഭുതമത്ര
നിഷ്ഠയായുമാദേവി.

# കാട്ടുപൂവിന്റെ കരളിൽനിന്നൊരു കവിത.

## 4

കരിമുകിൽവേണിയഴിഞ്ഞുലഞ്ഞു
മലരിനാൽമാനം മനംകവർന്നു
ചിതറിയതാരകൾ കണ്ടുനിന്നാ
പനിമതിപുഞ്ചിരിത്തേൻ ചൊരിഞ്ഞു !
നലമെഴുംത്തൂനിലാച്ചേലചുററി
വിലസിയാരാവൊളി വീശിയെങ്ങും
കുളിർനിലാപ്പാലിനാലാമ്പലെങ്ങും
തെളിയുകയായീ വസന്തരാവിൽ
സുഖദോന്മദമാമീയന്തരീക്ഷ
ദ്യുതിയിൽഞാനാകണ്ടും മുങ്ങിയില്ല
ഹൃദയമുരുകമാകത്തുകണ്ടു
കരളുംമിഴിയും തളർന്നുവീണു.......
"അന്നദിനമെത്രഞാൻ കാത്തിരുന്നു
അന്നപടംപുഞ്ചിരിയാർന്നിരുന്നു.
ഒരുസുരലോകത്തിൻ വീണമീട്ടാൻ
അരുമക്കിനാവുകളെത്രകണ്ടു.
ഇടരാർന്നജീവിതംഞാൻ ഭവാനാ-
യരുളിയീ'മാലി'ക്ക മാപ്പുനൽകൂ

അമ്പലഞാൻ മോഹിനിയല്ലതെല്ലും
കുടിലിലെക്കൊച്ചു പുലക്കിടാത്തി.
അഗതിയാണീ ലോകശില്പിയെന്നിൽ
കനിയാതെപോയിഞാൻ ഹീനയായി
അനുരാഗചിന്തയെൻ ഹൃത്തടത്തിൽ
നിയതിചൊരിഞ്ഞൂ സഹജമല്ലേ...?
ദിനകരൻപ്രാചിതൻ പൂങ്കവിളിൽ
അനുപമരാഗം വഴിഞ്ഞിടുമ്പോൾ
തവമധുരോദാരരൂപമെൻെറ
കരളിൽ മധുരംതുളുമ്പിനിന്നു...
കതിരണിപ്പാടങ്ങൾ കൊയ്തിടുമ്പോൾ
തളരവെ കററമെതിച്ചിടുമ്പോൾ
മരതകക്കാടുതെളിച്ചിടുമ്പോൾ
പുളകിതയായീ ഭവാനെയോർത്തു
പലരുമീമാനസചോരണത്തി—
നാണയുകയായിരുന്നന്നു നിത്യം
അരുതെനിക്കാവശ്യമില്ലവർതൻ
പ്രണയ;മീചിത്തം 'രവി'ക്കുനൽകി!
ഒരുകൊച്ചുപുഞ്ചിരി ഞാൻകൊതിച്ചു
വിഫലമായെന്നിൽ കനിഞ്ഞതില്ല
കരുണയോടൊന്നു കനിഞ്ഞുകാണാൻ
തളരുംകരളുമായ് പിൻതുടർന്നു
പുഴവക്കിൽ'പാറക്കടവിലും' ഞാ
നഴകെഴും 'തേന്മല'തന്നിലുമായ്
തരളിതചിത്തയായ് നോക്കിനിന്നാ—
മിഴികളിൽ;രാഗാർദ്രലാലയായി.

അരികിലണയുവാനാർത്തിപൂണ്ടാ
നിലയിലുമങ്ങെന്നെ നോക്കിയില്ല.
ഹൃദയമൊന്നിങ്ങോട്ടണഞ്ഞുവെങ്കിൽ
മമമനോസ്വപ്നങ്ങളേകിയേനെ
അമൃതോലുമാനന്ദ ദീപ്തിചിന്തി
മിഴികളിലുമ്മയൊട്ടേകിയേനെ
അരുതിദംചിന്തഞാൻ പിൻവലിച്ചു
പുലയിഞാൻ; തമ്പ്രാൻ പൊറുക്കയില്ലേ?...
വിധിയുടെചെയ്തിയാൽ ഹീനയാമെൻ
വിധി'യിതെ'ന്നോർത്തുഞാൻ പിന്മടങ്ങി
മരതകക്കല്ലുകളാഗ്രഹിക്കാൻ
കുടിലിലെക്കുട്ടികൾക്കെന്തുകാര്യം !
ഒരുസത്യമോർത്തുപോയ് രാഗവായ്പിൽ
മുറിയുമീജീവിതമസ്തമിപ്പാൻ
ഇരുളെഴുംവാരിധികണ്ടു ഞാനെ-
ന്നഭയത്തിൻവീചികൾ നൃത്തമാടി
വിടവാങ്ങിടുന്നുഞാൻ ജീവിതാശ
തകരുകയാണങ്ങുമാപ്പുനൽകൂ
കപടതതീർത്തൊരീവർഗ്ഗചിന്ത
തുലയുകിലെൻകൂട്ടർ ധന്യരായി..."

പനിമതിമങ്ങിമറഞ്ഞു വാനിൽ
കനകമണികൾ വിളങ്ങിയില്ല
ദിനകരൻ പ്രാലേയപർവ്വതത്തിൽ
ധവളിതരൂപംകലർന്നുയർന്നു
കുയിലുകൾമാകന്ദത്തോപ്പിലെങ്ങും
കളകളംപാടിപ്പറന്നിടുന്നു.

തളിരണിവല്ലികളങ്ങുമിങ്ങും
കുളിരിളംതെന്നലിൽ നൃത്തമാടി
മകരന്ദമോലുംസുമങ്ങളെങ്ങും
മധുമാസപ്പുഞ്ചിരിചിന്തിടുന്നു
അളികുലഗാനംമുഴങ്ങിയെങ്ങും
ഹൃദയംകവരുന്ന ഭംഗിതിങ്ങി
അനവദ്യമാകുമാരംഗമോർത്താൽ
അലിയുംശിലയുമാമട്ടിൽരമ്യം
പ്രതിമപോൽനിന്നുപോയെങ്കിലും ഞാൻ;
വ്യഥയിലെൻചേതന വിങ്ങിനിന്നു ..
വ്രണിതമാം മാമകമാനസത്തിൻ
കദനമൊഴുകീമിഴിയിണയിൽ
സമയംകഴിഞ്ഞതറിഞ്ഞതില്ലാ
വിമലയിൽ മാനസംമുങ്ങിനിന്നു
ഉരുകിയെൻഹൃത്തടം തീയെരിഞ്ഞു
മിഴിനീരിൽ മേനിയുംലീനമായി
അനുപമസുന്ദരിമോഹിതയായ്
അനുദിനമെന്നെയും കാത്തിരുന്നു
മധുരിതചിന്തയിലമ്പിളിപ്പൂ-
ങ്കുലയണിമാലിക കോർത്തിരുന്നു
ഒടുവിലാരാഗാർദ്രപൂവനത്തിൽ
പുഴയുടെതീരത്തുവന്നിരുന്നു
മലരണിത്തോപ്പിലി'കത്തു'മായി
കദനാനുഭൂതിയിൽ നിന്നിരുന്നു
വിലയെഴുമാരാഗലോലതൻെറ
ഹൃദയവിപഞ്ചികമൂകമായി

"ഒരുദിനംപോലുമെൻദേവതേനീ
പറയാതെപോയീനിന്നാഗ്രഹങ്ങൾ !
കരുതിയില്ലെന്നൊനീ ധന്യനായി
കരയുകയാണുഞാൻ നിന്നെയോർക്കെ...
പരിമിതപ്രജ്ഞയാൽ നീമടിച്ചു
പറയുവാനോമലേനിൻരഹസ്യം
വിരിയാതെവാടിക്കൊഴിഞ്ഞകാട്ടു
മലരേ! നിൻ സന്ദേശസാരവായ്പിൽ-

ഒരുനവലോകം പുലർന്നിടട്ടെ
സുരലോകശാന്തത ചിന്തിടട്ടെ
പതിതരെന്നുള്ളൊരാവർഗ്ഗചിന്ത
തകരുമാസുപ്രഭാതം വരട്ടെ !
ഒരുമതചിന്തയിൽ മർത്ത്യജന്മം
സഫലമായ് തീരട്ടെ മേലിലെന്നും
ഒരുദൈവവിശ്വാസം കൈവരിച്ചീ-
ജനതതിമേലിൽ വിളങ്ങിടട്ടെ!"

JAV... N'S & CHILDREN'S LIBRARY